അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പദ്ധതികൾ

90 (1916) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആവിഷ്കരിക്കുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൂർണ്ണമായും നടപ്പിലാക്കുകയും ചെയ്ത അടിസ്ഥാനസൗകര്യ വികസന മേഖലയിലെ പദ്ധതികൾ ഏതൊക്കെയായിരുന്നു ;

(ബി) ഈ പദ്ധതികൾക്ക് ചെലവഴിച്ച തുകയും കമ്മീഷൻ ചെയ്ത തീയതിയും പദ്ധതിയുടെ പേരും വിശദമാക്കുമോ ; പദ്ധതി ഓരോന്നിന്റെയും ഭൗതികനേട്ടം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് മുഖ്യഅടിസ്ഥാന വികസന പദ്ധതികൾക്കായി 2013-14, 2014-15, 2015-16 വർഷങ്ങളിൽ യഥാക്രമം 846.03, 1225, 2000 കോടി രൂപ സാമാഹൃത ഫണ്ടായി വകയിരുത്തുകയുണ്ടായി. ഇതിൽ കൃത്യമായി ഡി.പി.ആർ. സമർപ്പിക്കുന്ന പദ്ധതികൾക്കാണ് ഫണ്ട് അനുവദിക്കുന്നത്. അതിൻപ്രകാരം മുഖ്യഅടിസ്ഥാന വികസന പദ്ധതികൾക്ക് നാളിതുവരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

ക്രമ നമ്പർ	പദ്ധതികൾ	ചെലവഴിച്ച തുക
(1)	(2)	(3)
1	കണ്ണൂർ വിമാനത്താവളം	387.41
2	കൊച്ചി മെട്രോ	1190.45
3	മോണോ റെയിൽ	28.00
4	സബർബൻ റെയിൽ	10.13
5	വിഴിഞ്ഞം തുറമുഖം	521.53
6	നാഷണൽ ഹൈവേ ബൈപാസ് (കൊല്ലം & ആലപ്പുഴ)	8.29
7	കൊച്ചി വിമാനത്താവളം(സിയാൽ)	142.00

LIBRARY ARCHIVES Kerala Legislative Assembly